**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5109** **11-08-2021 - ൽ മറുപടിയ്ക്ക്**

**വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്ന പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ; | (എ) | നിലവിലുണ്ട്. ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി, രണ്ട് ലക്ഷം രൂപവരെ വരുമാനമുള്ള പൊതുവിഭാഗത്തിൽപ്പെടുന്ന വിധവകളായവരുടെ പെൺമക്കൾക്ക് 30,000/- രൂപ നിരക്കിൽ വിവാഹ ധനസഹായം 2019-20 വർഷം മുതൽ നൽകുന്നതിന് തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രോജക്ട് ഏറ്റെടുത്തിട്ടുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഇതിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ടി പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്തുകളിൽ ലഭിക്കുന്ന അപേക്ഷകൾ ഐ.സി.ഡി.എസ്. സൂപ്പർവൈസർ മുഖേന അന്വേഷണം നടത്തി അർഹരായ ഗുണഭോക്താക്കൾക്ക് ജില്ലാ കലക്ടറേറ്റിൽ നിന്നും ധനസഹായത്തിനുള്ള അലോട്മെന്റ് ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായം നൽകി വരുന്നുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കായുള്ള മാർഗ്ഗരേഖ പ്രകാരം ബി.പി.എൽ ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരോ ആയ പട്ടികജാതി / പട്ടികവർഗ്ഗ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് 75000/- രൂപ നിരക്കിൽ ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും നൽകാവുന്നതാണ്. വിവാഹത്തിന് 15 ദിവസം മുൻപോ വിവാഹം കഴിഞ്ഞ് 180 ദിവസത്തിനകമോ അപേക്ഷ സമർപ്പിച്ചിരിക്കണം. കാലപരിധിയ്ക്കകം അപേക്ഷിക്കാത്ത കേസുകൾ പ്രത്യേകം പരിശോധിച്ച് അർഹമായവയ്ക്ക് ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി കൂടിയായ ജില്ലാ കളക്ടർമാർക്ക് അനുമതി നൽകാവുന്നതുമാണ്. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ വിവാഹ ധനസഹായത്തിനായി എപ്രകാരമാണ് അപേക്ഷിക്കേണ്ടതെന്നതും എന്തൊക്കെ രേഖകൾ | (ബി) | അപേക്ഷകർ നിശ്ചിത ഫോറത്തിലുള്ള അപേക്ഷയും അനുബന്ധ രേഖകളും ഗ്രാമപഞ്ചായത്ത് / നഗരസഭാ സെക്രട്ടറിയ്ക്ക് സമർപ്പിക്കണം. പട്ടികജാതി / പട്ടികവർഗ്ഗ വിധവകളുടെ |

| | | | |
|---|---|---|---|
| | ഇതോടൊപ്പം നൽകണമെന്നതും സംബന്ധിച്ച വിശദാംശം നൽകാമോ; | | പെൺമക്കളുടെ വിവാഹത്തിന് 75000/- രൂപ ധനസഹായം അനുവദിക്കുന്നതിന് അപേക്ഷയോടൊപ്പം വിവാഹിതയാകുന്ന യുവതിയുടെ സ്കൂൾ സർട്ടിഫിക്കറ്റ്, അപേക്ഷകയുടെ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്, വിവാഹ ക്ഷണക്കത്ത്, വരന്റെ സമ്മതപത്രം, ജാതി സർട്ടിഫിക്കറ്റ്, അപേക്ഷകയുടെ ആധാർ കാർഡ് പകർപ്പ്, ബാങ്ക് പാസ് ബുക്ക് പകർപ്പ്, വിവാഹശേഷം ഒരു വർഷത്തിനകം സമർപ്പിക്കുന്ന അപേക്ഷയാണെങ്കിൽ വിവാഹ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്. പൊതുവിഭാഗത്തിൽപ്പെടുന്ന സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായത്തിനായി അപേക്ഷയോടൊപ്പം, വിവാഹിതയാകുന്ന യുവതിയുടെ സ്കൂൾ സർട്ടിഫിക്കറ്റ്, അപേക്ഷകയുടെ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്, വിവാഹ ക്ഷണക്കത്ത്, വരന്റെ സമ്മതപത്രം, വരുമാന സർട്ടിഫിക്കറ്റ്, അപേക്ഷകയുടെ ആധാർ കാർഡ് പകർപ്പ്, ബാങ്ക് പാസ് ബുക്ക് പകർപ്പ്, വിവാഹശേഷം ഒരു വർഷത്തിനകം സമർപ്പിക്കുന്ന അപേക്ഷയാണെങ്കിൽ വിവാഹ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതുണ്ട്. |
| (സി) | നിലവിൽ ധനസഹായമായി എത്ര തുകയാണ് അനുവദിക്കുന്നത്; ഈ തുക കാലോചിതമായി ഉയർത്തി നൽകുന്ന കാര്യം പരിശോധിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | ബി.പി.എൽ ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരോ ആയ പട്ടികജാതി / പട്ടികവർഗ്ഗ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് 75000/- രൂപയാണ് അനുവദിക്കുന്നത്. സാധുക്കളായ പൊതു വിഭാഗത്തിൽപ്പെടുന്ന വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായത്തിനായി നിലവിൽ 30000 രൂപയുമാണ് അനുവദിച്ചുവരുന്നത്. ഇത് കാലോചിതമായി ഉയർത്തി നൽകുന്ന വിഷയം പതിനാലാം പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗ്ഗരേഖ തയ്യാറാക്കുമ്പോൾ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ